പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1540 | 31-01-2018-ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

ചോദ്യം

**ശ്രീ.വി. അബ്ദുറഹിമാൻ**

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) വരൾച്ചയിലും പ്രകൃതിക്ഷോഭത്തിലുംപെട്ട് കൃഷി നാശം സംഭവിച്ച കർഷകർക്ക് ഏതു വർഷം വരെയുള്ള നഷ്ടപരിഹാരമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) വരൾച്ചയും പ്രകൃതിക്ഷോഭവും മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 2015-16 സാമ്പത്തിക വർഷം 2549.56 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം 3685.58 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് കൃഷി നാശം ഉണ്ടാകുന്ന മുറയ്ക്ക് ഉടൻതന്നെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളായി ഓരോ ജില്ലകളിലും എത്ര രൂപ വീതമാണ് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയതെന്ന് വ്യക്തമാക്കമോ;

(ബി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളായി ഓരോ ജില്ലകളിലും വിതരണം ചെയ്ത തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | വർഷം | |
|---|---|---|
| | **2015-16 (ലക്ഷം രൂപ)** | **2016-17 (ലക്ഷം രൂപ)** |
| തിരുവനന്തപുരം | 216 | 680 |
| കൊല്ലം | 50 | 50.126 |
| പത്തനംതിട്ട | 2.83 | 0.01307 |
| ആലപ്പുഴ | 205 | 278 |
| കോട്ടയം | 74.7 | 87.99 |
| ഇടുക്കി | 25 | 390 |
| എറണാകുളം | 250 | 357.5 |
| തൃശ്ശൂർ | 148.58 | 0 |

| | | |
|---|---|---|
| പാലക്കാട് | 0 | 17.9208 |
| മലപ്പുറം | 0 | 446 |
| കോഴിക്കോട് | 75 | 762.7 |
| വയനാട് | 1367.5 | 468.4 |
| കണ്ണൂർ | 84.95 | 121.93 |
| കാസർഗോഡ് | 50 | 25 |
| **ആകെ** | **2549.56** | **3685.58** |

(സി) നഷ്ടപരിഹാരം യഥാസമയം നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കൃഷി നാശം സംഭവിച്ചാൽ കർഷകരിൽ നിന്നും 5 ദിവസത്തിനകം അപേക്ഷ സ്വീകരിച്ച് സമയ ബന്ധിതമായി ഫീൽഡ് പരിശോധന നടത്തി കൃഷിനാശം തിട്ടപ്പെടുത്തുകയും ആയതു പ്രകാരം ക്ലെയിം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തുവരുന്നു. ധനസഹായത്തിനുള്ള ക്ലെയിമുകൾ അംഗീകാരത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുമായി യഥാസമയം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ആയവയിലേക്ക് ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മതിയായ ഫണ്ട് ലഭ്യമാകാത്തതും, 33 ശതമാനവും അതിലധികവും കൃഷിനാശം സംഭവിച്ച എല്ലാ കൃഷിക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം സഹിതം ക്ലെയിം പുനർസമർപ്പിക്കാൻ കളക്ടർ നിർദ്ദേശിച്ചതും നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് കാലതാമസമുണ്ടായത്.

(ഡി) ഇനിയും നൽകാനുള്ള കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) കുടിശ്ശിക ഉടനെ വിതരണം ചെയ്യുന്നതിനായി ഉപധനാഭ്യർത്ഥന വഴി ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**